(ബി) ഉണ്ടെങ്കിൽ എന്താണ് ; ഫലമെന്തായി ;

(സി) വെള്ളായണിയിലെ സ്ഥാപിക്കുവാനുദ്ദേശിച്ചിരുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ഒരു ശാഖ ഒല്ലൂക്കര മാറ്റുവാനിടയാക്കിയ സാഹചര്യങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ഈ മാറ്റത്തിനെതിരായി എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു് നടപടി സ്വീകരിച്ചു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ടു്.

(ബി) കാർഷികകോളേജു് സ്ഥാപിക്കുന്നതിനു് ആദ്യത്തെ മൂന്നു് വർഷത്തേക്കു വേണ്ടിവരുന്ന (ആവർത്തിക്കപ്പെടാത്തുള്ള– Non-recurring) ചെലവു് 75 ശതമാനം ചെലവു് കേന്ദ്രഗവണ്മെന്റു് വഹിക്കാമെന്നു് സമ്മതിച്ചിട്ടുണ്ടു്.

(സി) വെള്ളായണിയിൽ സ്ഥാപിച്ച കാർഷിക കോളേജും, ഒല്ലൂക്കര സ്ഥാപിച്ചിരിക്കുന്ന മൃഗചികിത്സാ കോളേജും രണ്ടു് സ്വതന്ത്ര സ്ഥാപനങ്ങളാണു്.

വെള്ളായണിയിൽ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചു് വേണ്ട സൗകര്യങ്ങൾ ഉള്ളതിനാൽ അവിടെ ഒരു കാർഷിക കോളേജു് സ്ഥാപിച്ചു.

അതേ സമയംതന്നെ ഒല്ലൂക്കര സെൻട്രൽ ഫാമിൽ ഒരു മൃഗചികിത്സാ കോളേജു് സ്ഥാപിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഉള്ളതിനാൽ അവിടെ ഒരു മൃഗചികിത്സാ കോളേജും സ്ഥാപിച്ചു.

(ഡി) (സി) ഭാഗം ചോദ്യത്തിനു നൽകിയിരിക്കുന്ന ഉത്തരത്തിലെ കാരണങ്ങളിൽ അത്തരം നിവേദനങ്ങൾ പരിഗണനാർഹങ്ങളായിരുന്നില്ല.

ഗ്രാൻറു്.

* 102. [48] ശ്രീ. സി. ഒ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽ വ്യവസായസംഘങ്ങൾക്കും, ഗ്രാമപുനരുദ്ധാരണ കേന്ദ്രങ്ങൾക്കും മറ്റും ഗ്രാൻറു് നൽകുന്നതിൽ വരുന്ന കാലതാമസം ഇല്ലാതാക്കാനും അനുവദിക്കുന്ന തുക ലാപ്സാകാതിരിക്കാനും ഗവണ്മെന്റു് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) പുതിയ നടപടിക്രമം അനുസരിച്ചു് നേരത്തെയുള്ള സഹായ അപേക്ഷകൾക്കു് മുൻഗണന നൽകുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഗ്രാൻറു് നൽകുന്നതിൽ കാലതാമസം ഇല്ലാതാക്കുവാനും തുക ലാപ്സായി പോകാതിരിക്കുവാനുമായി അപേക്ഷ കേൾക്കേണ്ടതിനും മറ്റും ക്രിയാസമയം നിർദ്ദേശിച്ചിട്ടുണ്ടു്. അപേക്ഷകൾ ജൂലൈ 31-ാംതീയ്യതിക്കു മുമ്പു് വ്യവസായ ഡയറക്ടർക്കു് കിട്ടേണ്ടതും ഫെബ്രുവരി 15-ാംതീയ്യതിക്കു മുമ്പു് ഗവണ്മെന്റു് സാംഗ്ഷൻ അയയ്ക്കേണ്ടതുമാണു് എന്നു് വ്യവസ്ഥചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നേരത്തെയുള്ള അപേക്ഷകർക്ക് മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നില്ല. ജൂലൈ 31-ാംതീയതിക്ക് മുമ്പ് അയയ്ക്കുന്ന അപേക്ഷകർ മുഴുവൻ സ്വീകരിക്കാൻ വ്യവസ്ഥയുള്ള സ്ഥിതിക്ക് മുൻഗണനയുടെ ആവശ്യമില്ല.

മദ്യനിരോധനം.

* 103. [51] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അടുത്ത സാമ്പത്തികവർഷത്തിൽ ഏതെല്ലാം താലൂക്കുകളാണ് മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) ഇല്ലെങ്കിൽത്തന്നെ, ദേവികുളം പീരുമേട് താലൂക്കുകളിൽ എങ്കിലും മദ്യനിരോധനം നടപ്പിലാക്കാൻ ഗവണ്മെന്റ് നടപടികൾ എടുക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) തീരുമാനിച്ചിട്ടില്ല.

(ബി) കൂടുതൽ പ്രദേശങ്ങളിൽ മദ്യനിരോധനം നടപ്പിലാക്കുവാൻ ആലോചിക്കുമ്പോൾ ദേവികുളം പീരുമേട് താലൂക്കുകളുടെ കാര്യം പരിഗണിക്കുന്നതാണ്.

പുറന്തോക്കുകൾ.

* 104. [52] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ പഞ്ചായത്താക്ടുകൾ വ്യവസ്ഥചെയ്തിരിക്കുന്ന വിധം പുറമ്പോക്കുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാതിരിക്കുന്നതിനു ഗവണ്മെന്റിനു് എന്തു കാരണമാണ് പറയാനുള്ളതു്;

(ബി) കാരണമുണ്ടെങ്കിൽ അതു നീക്കം ചെയ്യാൻ ഇനിയും എത്രകാലംകൂടി വേണ്ടിവരും ഗവണ്മെന്റിനെന്നു പറയാമോ;

(സി) ആക്ടുകൾ നടപ്പായതിനുശേഷവും ഗവണ്മെന്റ് പഞ്ചായത്തുകളുടെ തടസ്സവാദങ്ങൾക്കെതിരായിപ്പോലും പുറംപോക്കുകൾ തൽപ്രയോജനപ്പെടുത്തുന്നതിനു് എൽപ്പിച്ചുകൊടുക്കുന്ന കേസുകളിലില്ലേ;

(ഡി) ആക്ടുകളിലെ വ്യവസ്ഥകളനുസരിച്ചു് പുറംപോക്കുകളൊഴികെ, ഇനിയും എന്തെല്ലാമാണ് പഞ്ചായത്തുകൾക്കേൽപ്പിക്കാനുള്ളതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ), (ബി) ഈ വിഷയത്തെപ്പറ്റി പഞ്ചായത്താക്ടുകളിൽ ഉള്ള 43-ാം വകുപ്പു് (ബി) ഉപവകുപ്പിൽ പുറംപോക്കുകൾ പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കണമെന്നു വ്യക്തമായി പറഞ്ഞിട്ടില്ല. പുറമ്പോക്കുകൾ പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കണം എന്നാണു് പ്രസ്തുത വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly